# സാമൂഹ്യ ആഘാത പഠന അന്തിമറിപ്പോർട്ട്

## അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

## തില്ലങ്കേരി വില്ലേജ്, ഇരിട്ടി താലൂക്ക്, കണ്ണൂർ ജില്ല



**സമർപ്പണം**

**ജില്ലാ കളക്ടർ , കണ്ണൂർ**

**ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,**

**അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706**

**Phone: (0490) 2426014; 7012516402**

**dbascoffice@gmail.com**

**18 ഒക്ടോബർ 2023**

# സമർപ്പണം

കണ്ണൂർ ജില്ല ഭരണകൂടത്തിൻെറ നടപടി പ്രകാരവും (File : DCKNR/4232/2020-C4 സർക്കാർ ഉത്തരവ് G.O.(P)No. 2567 RD - വാല്യം-12 തിരുവനന്തപുരം, തിയതി 03/08/2023 പ്രകാരവും കണ്ണൂർ ജില്ലയിൽ ഇരിട്ടി താലുക്കിലെ തില്ലങ്കേരി വില്ലേജിൽ മച്ചൂർമലയിൽ അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഡെപ്യൂട്ടികളക്ടർ (എൽ.എ.) കണ്ണൂർ കളക്ട്രേറ്റ്, ഭൂമി ഏറ്റെടുക്കൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) തലശ്ശേരി, എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച അലൈൻറ്മെൻറ് രൂപരേഖയും കൂടാതെ, തില്ലങ്കേരി പഞ്ചായത്ത് പ്രസിഡണ്ട് പി. ശ്രീമതി, വാർഡ് മെമ്പർ ശ്രീ കുമാരൻ മുതലായവരും നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വസ്തുവകകളെ സംബന്ധിച്ചും, ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള ഇതിൻെറ ആധാര രേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്. പഠനറിപ്പോർട്ടിൻെറ കരട് കോപ്പി 23 സെപ്റ്റമ്പർ 2023ന് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിൽ പ്രസ്തുത വിവരം (ഫോറം 5) അറിയിക്കുകയും ചെയ്തു. സാമൂഹ്യ ആഘാത പഠനത്തിൻെറ ഭാഗമായുള്ള ചർച്ച (പബ്ലിക് ഹിയറിംഗ്) ഒക്ടോബർ 10നു രാവിലെ 11.00 തില്ലങ്കേരി പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തി.

ഡയറക്ടർ

സാമൂഹ്യ ആഘാത പഠന സംഘം

ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

**ഉള്ളടക്കം**

**അദ്ധ്യായം 1: പദ്ധതി സംഗ്രഹം**

1.1 പദ്ധതിയും പൊതുതാത്പര്യവും 06

1.2 പദ്ധതി പ്രദേശം 06

1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും 07

1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം 07

1.5 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി 08

1.6 സാമൂഹ്യ ആഘാതം 08

1.7 ആഘാത ദുരീകരണ മാർഗ്ഗങ്ങൾ 08

1.8 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി 09

1.9 പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 09

1.10 പദ്ധതി ബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ 10

**അദ്ധ്യായം 2: പദ്ധതി വിവര വിശദീകരണം**

2.1. പദ്ധതി പശ്ചാത്തലം 11

2.2. പദ്ധതി പ്രദേശം 11

2.3 വലിപ്പവും സ്വഭാവവും 12

2.4 സാദ്ധ്യയുള്ള ഇതര പ്രദേശങ്ങൾ 13

2.5 പ്രകൃതി ആഘാതത്തിൻെറ വിശദാംശങ്ങൾ 13

2.6 തൊഴിലാളികൾ 13

2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ 13

2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും 13

**അദ്ധ്യായം 3: സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും**

3.1 ആമുഖം 15

3.2 സാമൂഹ്യ ആഘാത പഠന (SIA) സംഘം 15

3.3 പഠന പ്രക്രിയ 15

3.4 വിവര ശേഖരണവും രീതിയും 16

3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും 18

3.6 പൊതുചർച്ചയുടെ സംക്ഷിപ്തരൂപം 18

**അദ്ധ്യായം 4: ഭൂമി വിലയിരുത്തൽ**

4.1 പശ്ചാത്തലം 25

4.2 ബാധിതമാകുന്ന വസ്തുക്കളുടെ വിവരങ്ങൾ 25

4.3 പദ്ധതിയുടെ രൂപരേഖ 25

4.4 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി 26

4.5 പൊതു ഭൂമിയുടെ ഉപയോഗം 26

4.6 വാങ്ങിയ ഭൂമി 26

4.7 പദ്ധതി പ്രദേശത്തെ ഭുമി ഇടപാടുകൾ 26

**അദ്ധ്യായം 5: മൂല്യനിർണ്ണയവും വിവരണവും**

5.1 ബാധിക്കുന്ന ഭൂമി / ആസ്തി വിവരം 27

5.2 ബാധിതമാകുന്നതിന്റെ വ്യാപ്തി 28

5.3 ഭൂമികളുടെ ഉടമസ്ഥാവകാശം 28

5.4 ഭൂമിയുടെ രേഖകൾ 28

5.5 പദ്ധതി പ്രദേശത്തെ നിലവിലത്തെ ഭൂമിയുടെ ഉപയോഗം 28

5.6 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം 28

**അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക ഘടന**

6.1 ആമുഖം 29

6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ/ബാധിതരായ ജനസംഖ്യ 29

6.3 പ്രതിമാസ വരുമാനം 30

6.4 കുടുംബ വരുമാനത്തിന്മേലുള്ള ആഘാതം 30

6.5 മുഖ്യമായ വരുമാന മാർഗ്ഗം 30

6.6 റേഷൻ കാർഡിന്റെ ഇനം 30

6.7 ബാധിതരാകുന്ന ദുർബല വിഭാഗം 30

**അദ്ധ്യായം 7: ആഘാത ദുരീകരണപദ്ധതി**

7.1 ആഘാത ദുരീകരണ സമീപനം 31

7.2 ആഘാതം ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും 31

7.3 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 32

7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ 32

7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ 32

7.6 ആഘാത ദുരീകരണവും പ്ലാനും 32

സാമ്പത്തിക നടപടികൾ 33

പാരിസ്ഥിതിക നടപടികൾ 33

പുനരധിവാസവും 33

7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ 33

**അദ്ധ്യായം 8: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി – അടിസ്ഥാന ഘടന**

8.1 ആമുഖം 34

8.2 സ്ഥാപന ഘടനയും പ്രധാന വ്യക്തികളും 34

**അദ്ധ്യായം 9: സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്**

9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ് 36

9.2 വാഷിക ബജറ്റും പ്രവർത്തന പ്ലാനും 36

**9.3** സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും 36

**അദ്ധ്യായം 10: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും**

10.1 ആമുഖം 37

10.2 സംസ്ഥാന തലത്തിലുള്ള സംവിധാനം 37

10.3 ജില്ലാ തലത്തിലുള്ള സംവിധാനം 37

**അദ്ധ്യായം 11: ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം**

**ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ**

11.1 സമാപ്തിയും ലക്ഷ്യങ്ങളുടെ വിലയിരുത്തലും 39

11.2സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം 39

11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ 39

11.4 സംഗ്രഹവും പരിസമാപ്തിയും 40

അനുബന്ധം 1: സർക്കാർ ഉത്തരവുകൾ

അനുബന്ധം 2: ഫോറം –5 പത്രവിജ്ഞാപനം

അനുബന്ധം 3: പൊതുചർച്ചയിൽ സന്നിഹിതരായവരുടെ പട്ടിക

അനുബന്ധം 4 പദ്ധതിയുടെ ഭൂപടം

അനുബന്ധം 5: വിവര ശേഖരണത്തിനുള്ള ചോദ്യാവലി

## അദ്ധ്യായം 1
## പദ്ധതി സംഗ്രഹം

### 1.1 പദ്ധതിയും പൊതു താത്പര്യവും

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ തില്ലങ്കേരി വില്ലേജിൽ മച്ചൂർ മലയിൽ അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നു ഏകദേശം 15 കി.മി. മാത്രം ദൂരത്തിലുള്ള മച്ചൂർ മല സമുദ്രനിരപ്പിൽ നിന്നും 390 മീറ്റർ ഉയരത്തിലുള്ള നല്ലൊരു വ്യൂ പോയിൻറാണു. പ്രദേശത്തും വിദേശത്തുനിന്നുമുള്ള ധാരളം ആളുകൾക്കു യോഗസെൻറർ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ആരോഗ്യ പുരോഗതിയും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുവാൻ സാധിക്കുമെന്നതാണ്. അനുബന്ധമായി ഓർഗാനിക് ഫാർമുകളും, പരമ്പരാഗത കലാകേന്ദ്രവും, മറ്റ് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പരിപാടികളും നടപ്പിലാക്കുവനും സാധിക്കും. ആയതിനാൽ ഈ പദ്ധതി ഒഴിച്ചുകൂടാനാവാത്തതാണ്. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്.

പ്രസ്തുത പദ്ധതിക്കായി സ്പോർട്സ് & യുവജനക്ഷേമ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നത് 12.65 ഏക്കർ ഭൂമിയാണ്. പദ്ധതിക്കായി ആദ്യഘട്ടത്തിൽ 2.53/- കോടി ചിലവ് വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

### 1.2 പദ്ധതി പ്രദേശം

ഈപദ്ധതി പ്രദേശം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ തില്ലങ്കേരി വില്ലേജിൽ, തില്ലങ്കേരി പഞ്ചായത്തിൽ 12-ാം വാർഡിൽപ്പെടുന്ന മച്ചൂർമല വ്യൂപോയിൻറിനടുത്തായിട്ടുള്ള പ്രദേശമാണിത്.






പദ്ധതി പ്രദേശത്തിൻെറ ഭൂപടം

**1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും**

മൊത്തം ആവശ്യമുള്ളത് ഏകദേശം 12.65 ഏക്കർ ഭൂമിയാണ്. ഇപ്പോൾ സാമൂഹ്യ ആഘാത പഠന നടത്തുന്ന ഏറ്റെടുക്കുവാനുള്ള ഭൂമി. ഇതിൽപ്പെടുന്നു. റബർ കൃഷിയും കാർഷിക സമ്പത്തുകളും നിലവിലുള്ള റോഡിൻെറഭാഗത്തോട് ചേർന്നുള്ള സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. ഏറ്റെടുക്കുവാനുള്ള പ്രദേശം ജനവാസരഹിതവും നിർമ്മിത വസ്തുക്കൾ ഇല്ലാത്തതുമാണ്.

**1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം**

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. അന്താരാഷ്ട്ര യോഗ കേന്ദ്രവും അനുബന്ധ വികസനങ്ങളും പൊതുഗതഗതവും മെച്ചപ്പെടുത്തുമെന്നതിനാൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര അലൈൻമെൻറ് നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. 12.65 ഏക്കർ ഭൂമി മാത്രം ആവശ്യമായതിനാലും, ജനവാസ പാർപ്പിടങ്ങൾ ഇല്ലാത്തതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

### 1.5 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി

| പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി | | |
|---|---|---|
| സർവ്വെ നമ്പർ | വില്ലേജ് | ഏരിയ |
| 90 | തില്ലങ്കേരി | 12.65 ഏക്കർ |

ഏകദേശം 12.65 ഏക്കർ ഭൂമിയാണ് അന്താരാഷ്ട്ര യോഗ കേന്ദ്രം നിർമ്മിക്കുന്നതിനുവേണ്ടി ആവശ്യമുള്ളത്.

### 1.6 സാമൂഹ്യ ആഘാതം

പദ്ധതിക്കായി സ്പോർട്സ് & യുവജനക്ഷേമ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നത് 12.65 ഏക്കർ ഭൂമിയാണ്. റബർ കൃഷിയും കാർഷിക സമ്പത്തുകളും നിലവിലുള്ള റോഡിൻെറഭാഗത്തോട് ചേർന്നുള്ള സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. ഏറ്റെടുക്കുവാനുള്ള പ്രദേശം ജനവസരഹിതവും നിർമ്മിത വസ്തുക്കൾ ഇല്ലാത്തതുമാൺമാണ്. റബർ കൃഷിയും കാർഷിക സമ്പത്തുകളിലും നിന്നുള്ള വരുമാനമാന നഷ്ടമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 8 കുടുംബങ്ങളിൽ നിന്നായി 20 പുരുഷന്മാരും 18 സ്ത്രീകളുമുൾപ്പെടെ 38 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഇവരിൽ 4 പേർക്ക് അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. ഇവയിൽ 7 എണ്ണവും പൂർണ്ണമായി ബാധിക്കുന്നു എന്നതു സാമൂഹ്യ ആഘാത്തിൻെറ തോത് വർദ്ധിപ്പിക്കുന്നു. മതിയായ പ്രതിഫലം നൽകുന്നതിലൂടെ ഏറ്റെടുക്കൽ നഷ്ടം പരമാവധി ഇല്ലാതക്കാൻ സാധിക്കും.

### 1.7 ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

| പട്ടിക 1.2 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും | | | |
|---|---|---|---|
| ക്രമ സംഖ്യ | | സ്ഥിതി: പ്രത്യക്ഷം / പരോക്ഷം | ലഘൂകരണ നിർദ്ദേശങ്ങൾ |
| 1 | കെട്ടിടങ്ങൾക്കുള്ള നഷ്ടം/കേടുപാടുകൾ | ഒന്നുമില്ല | ----- |
| 2 | മതിൽ ഗെയ്റ്റ് | ഒന്നുമില്ല | ----- |
| 3 | കിണർ | ഒന്നുമില്ല | ----- |
| 4 | ഉപജീവനമാർഗ്ഗം/ കാർഷിക ഉത്പന്ന/ വരുമാന നഷ്ടം | 9 വ്യക്തികൾ - പരോക്ഷം - കാർഷിക ഉത്പന്ന/ വരുമാന നഷ്ടം ഉപജീവന മാർഗ്ഗം, | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 5 | പൊതു സേവന ലഭ്യതയും പൊതു ആസ്ഥി വിഭവങ്ങളും | ഒന്നുമില്ല | ----- |
| 6 | മതപരമായവ | ഒന്നുമില്ല | ----- |

### 1.8 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**സാമ്പത്തിക വശങ്ങൾ**

ഭൂമിയോ വിഭവങ്ങളോ ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭ്യമാക്കണം. ബാധിതർക്കൊ അവരുടെ കുടുമ്പാംഗങ്ങൾക്കൊ അവരവരുടെ കഴിവും ആവശ്യവുമനുസരിച്ച് സാധിക്കുന്ന തൊഴിലവസരങ്ങൾ നൽകുന്നത് ആഘാതം കുറയ്ക്കാൻ സഹായിക്കും.

**പാരിസ്ഥിതികം**

പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

**പട്ടിക 1.3 - ഗുണകരമായ ഫലങ്ങൾ**

| അനന്തര ഫലങ്ങൾ | പ്രത്യക്ഷം / പരോക്ഷം | താത്കാലികം / ശാശ്വതം | പ്രധാനം / അപ്രധാനം |
|---|---|---|---|
| മച്ചൂർമലയിൽ യോഗാസെൻെററും അനുബന്ധ സംവിധാനങ്ങളും പ്രദേശത്തിൻെറ വികസനത്തിനു കാരണമാകും | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| യോഗാസെൻെറർ തൊഴിലവസരങ്ങൾക്ക് കാരണമാകും. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| ദേശീയ അന്തർദേശിയ വിനോദസഞ്ചാരവികസനം സാധ്യമാകുമ്പോൾ സാമ്പത്തിക പുരോഗതിയുണ്ടാകും. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ മതിയായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കണം. പ്രദേശത്തിൻെറപുരോഗതിയ്ക്ക് ഈ പദ്ധതി ആവശ്യമായതിനാൽ സാമൂഹ്യ വശങ്ങൾ പരിഗണിച്ച്, ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠന സംഘം അഭിപ്രായപ്പെടുന്നു. മുൻകരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം.

### 1.9 പുനരധിവാസ / പുനഃസ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് പഠന സംഘം നിർദ്ദേശിക്കുന്നു. ഭൂമിയിലും ഉൽപ്പാദന മുതലുകളിലുമുള്ള നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും.

### 1.10 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

- ചിലർക്ക് നഷ്ടപ്പെടുന്നത് ഉപജീവനത്തിനുള്ള ഏകമാർഗ്ഗമാണ്. അതിനാൽ മെച്ചപ്പെട്ട നഷ്ട പരിഹാരം നൽകണം
- ബാധിതർക്കൊ അവരുടെ കുടുമ്പാംഗങ്ങൾക്കൊ അവരവരുടെ കഴിവും ആവശ്യവുമനുസരിച്ച് സാധിക്കുന്ന തൊഴിലവസരങ്ങൾ നൽകണം.
- വേറൊരു ഉപജീവന മാർഗ്ഗം സ്ഥാപിക്കുന്നതിൽ സഹായം
- മാർക്ക്റ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിർണ്ണയം നടത്തണം.
- ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 2013 അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുപ്പ് നടത്തണം

## അദ്ധ്യായം 2
## പദ്ധതിയുടെ വിശദമായ വിവരണം

### 2.1 പദ്ധതിയും പൊതു താത്പര്യവും

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലുക്കിലെ തില്ലങ്കേരി വില്ലേജിൽ മച്ചൂർ മലയിൽ അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നു ഏകദേശം 15 കി.മി. മാത്രം ദൂരത്തിലുള്ള മച്ചൂർ മല സമുദ്രനിരപ്പിൽ നിന്നും 390 മീറ്റർ ഉയരത്തിലുള്ള നല്ലൊരു വ്യൂ പോയിൻറാണു. പ്രദേശത്തും വിദേശത്തുനിന്നുമുള്ള ധാരളം ആളുകൾക്കു യോഗസെൻറർ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ആരോഗ്യ പുരോഗതിയും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുവാൻ സാധിക്കുമെന്നതാണ്. അനുബന്ധമായി ഓർഗാനിക് ഫാർമുകളും, പരമ്പരാഗത കലാകേന്ദ്രവും, മറ്റ് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പരിപാടികളും നടപ്പിലാക്കുവനും സാധിക്കും. ആയതിനാൽ ഈ പദ്ധതി ഒഴിച്ചുകൂടാനാവാത്തതാണ്. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്.

പ്രസ്തുത പദ്ധതിക്കായി സ്പോർട്സ് & യുവജനക്ഷേമ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നത് 12.65 ഏക്കർ ഭൂമിയാണ്. പദ്ധതിക്കായി ആദ്യഘട്ടത്തിൽ 2.53/- കോടി ചിലവ് വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

### 1.2 പദ്ധതി പ്രദേശം

ഈപദ്ധതി പ്രദേശം കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ തില്ലങ്കേരി വില്ലേജിൽ, തില്ലങ്കേരി പഞ്ചായത്തിൽ 12-ാം വാർഡിൽപ്പെടുന്ന മച്ചുർമല വ്യൂപോയിൻറിനടുത്തായിട്ടുള്ള പ്രദേശമാണിത്.






പദ്ധതി പ്രദേശത്തിൻെറ ഭൂപടം

**1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും**

മൊത്തം ആവശ്യമുള്ളത് ഏകദേശം 12.65 ഏക്കർ ഭൂമിയാണ്. ഇപ്പോൾ സാമൂഹ്യ ആഘാത പഠന നടത്തുന്ന ഏറ്റെടുക്കുവാനുള്ള ഭൂമി. ഇതിൽപ്പെടുന്നു. റബർ കൃഷിയും കാർഷിക സമ്പത്തുകളും നിലവിലുള്ള റോഡിൻെറഭാഗത്തോട് ചേർന്നുള്ള സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. ഏറ്റെടുക്കുവാനുള്ള പ്രദേശം ജനവാസരഹിതവും നിർമ്മിത വസ്തുക്കൾ ഇല്ലാത്തതുമാണ്.

**1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം**

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. അന്താരാഷ്ട്ര യോഗ കേന്ദ്രവും അനുബന്ധ വികസനങ്ങളും പൊതുഗതഗതവും മെച്ചപ്പെടുത്തുമെന്നതിനാൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര അലൈന്മെൻറ് നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. 12.65 ഏക്കർ ഭൂമി മാത്രം ആവശ്യമായതിനാലും, ജനവാസ പാർപ്പിടങ്ങൾ ഇല്ലാത്തതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

**2.5 സാമൂഹ്യ ആഘാതത്തിൻെറ വിശദാംശങ്ങൾ**

പദ്ധതിക്കായി സ്പോർട്സ് & യുവജനക്ഷേമ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നത് 12.65 ഏക്കർ ഭൂമിയാണ്. റബർ കൃഷിയും കാർഷിക സമ്പത്തുകളും നിലവിലുള്ള റോഡിൻെറഭാഗത്തോട് ചേർന്നുള്ള സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. ഏറ്റെടുക്കുവാനുള്ള പ്രദേശം ജനവസരഹിതവും നിർമ്മിത വസ്തുക്കൾ ഇല്ലാത്തതുമാൺമാണ്. റബർ കൃഷിയും കാർഷിക സമ്പത്തുകളിലും നിന്നുള്ള വരുമാനമാന നഷ്ടമാണ്

ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 8 കുടുംബങ്ങളിൽ നിന്നായി 20 പുരുഷന്മാരും 18 സ്ത്രീകളുമുൾപ്പെടെ 38 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഇവരിൽ 4 പേർക്ക് അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. ഇവയിൽ 7 എണ്ണവും പൂർണ്ണമായി ബാധിക്കുന്നു എന്നതു സാമൂഹ്യ ആഘാത്തിൻെറ തോത് വർദ്ധിപ്പിക്കുന്നു. മതിയായ പ്രതിഫലം നൽകുന്നതിലൂടെ ഏറ്റെടുക്കൽ നഷ്ടം പരമാവധി ഇല്ലാതക്കാൻ സാധിക്കും.

### 2.6 തൊഴിലാളികൾ

തൊഴിൽ നൈപുണ്യം ഉള്ളവരും അർദ്ധനൈപുണ്യം ഉള്ളവരും, നൈപുണ്യം ഇല്ലാത്തവരുമായ വ്യത്യസ്ഥ വിഭാഗത്തിലുള്ള തൊഴിലാളികളെ ആധുനിക യന്ത്രങ്ങളുടെയും വ്യക്തമായ പ്ലാനുകളുടെയും സഹായത്തോടെ ശാക്തീകരിച്ച് നിമ്മാണം മികവുറ്റതാക്കാം.

### 2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ

അന്താരാഷ്ട്ര യോഗസെൻററിനുവേണ്ടി ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഭൂമി നിലവിലുള്ള റോഡിനോട്ചേർന്നുകിടക്കുന്നതാണ്.. യോഗസെൻററിനാവശ്യമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയവ ലഭ്യമാക്കേണ്ടതുണ്ട്. യോഗസെൻററിൽനിന്നു പ്രധാന ടൗണുകളിലെക്കുള്ള (ശിവപുരം, തില്ലങ്കേരി, മാലൂർ)റോഡുകൾ നവീകരിക്കേണ്ടതുണ്ട്.

### 2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും

സാമൂഹ്യ – സാമ്പത്തിക ആഘാതത്തെക്കുറിച്ച് പ്രാബല്യത്തിലുള്ള ദേശീയ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വികസന പദ്ധതികളിൽ പ്രകൃതി വിഭവങ്ങളെയോ കാലവസ്ഥയെയോ ഉപജീവനത്തെയോ പൊതു ആരോഗ്യത്തെയോ സുരക്ഷയെയോ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് പദ്ധതിയുടെ ഉപജ്ഞാതാവ് ഉറപ്പുവരുത്തണം. ഈ നൈയാമിക നിലപാട് സാമൂഹ്യ ആഘാത പഠനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുകയും ഈ പദ്ധതി സുസ്ഥിരമായ ഒന്നാക്കുവാനും ആവശ്യപ്പെടുന്നു. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ ബാധിക്കുന്ന നിയമ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ (കേരള) 2015
- കേരള സർക്കാർ – നികുതി വിഭാഗം – ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള സംസ്ഥാന നയങ്ങൾ

- വിവരാവകാശ നിയമം 2005
- ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013

കേന്ദ്ര നിയമം അദ്ധ്യായം 4, വകുപ്പ് 11: പൊതു ആവശ്യത്തിനായി ഏതെങ്കിലും മേഖലയിൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ അതിൻെറ വിശദാംശങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലും 2 വർത്തമാന പത്രങ്ങളിലും സർക്കാരിൻെറ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും പദ്ധതി ബാധിക്കുന്നവരെ അറിയിക്കേണ്ടതുമാണ്. വകുപ്പ് 4: ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ബാധിത പ്രദേശത്തെ സ്വകാര്യഭൂമി, സർക്കാർ ഭൂമി, വഴികൾ, യാത്രാസൗകര്യങ്ങൾ, പ്രദേശ നിവാസികളുടെ ഉപജീവനമാർഗ്ഗം തുടങ്ങിയ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് സാമൂഹ്യ ആഘാത പഠനം നടത്തണം.

വകുപ്പ് 28, 29: ഭൂമി ആവശ്യമായ സ്ഥലങ്ങളിൽ ന്യായമായ നഷ്ടപരിഹാരം എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നൽകണം:

- ആവശ്യമുള്ള സ്ഥലത്തിൻെറ വിസ്തീർണ്ണം
- കളക്ടറുടെ തീരുമാനമനുസരിച്ച് സ്ഥലത്തിൻെറ വില
- ഭൂമിയുടെയും കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വില
- ഭൂമി ഏറ്റെടുക്കുന്നതുവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ
- ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ
- താമസവും തൊഴിൽ സ്ഥലങ്ങളും മാറുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ
- ആദായ നഷ്ടം
- നഷ്ടപരിഹാരം
- സാമൂഹ്യ ആഘാത പഠനം പ്രസിദ്ധീകരിക്കുന്ന സമയം മുതൽ ഭൂമി വിലയുടെ 12% നിരക്കിന് പലിശ.

സാമൂഹ്യ ആഘാത പഠനം നടത്തി ആഘാതം ലഘൂകരിക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർദ്ദേഷ്ടാവ് തയാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൽ നിയമം അനുശാസിക്കുന്നവ പാലിക്കുവാൻ പദ്ധതി നിർദ്ദേഷടാവ് ബാധ്യസ്ഥനാണ്.

# അദ്ധ്യായം 3
# സാമൂഹ്യ ആഘാത പഠനസംഘം, പഠനസമീപനം, പഠനരീതി.

### 3.1 ആമുഖം

കണ്ണൂർ ജില്ല ഭരണകൂടത്തിന്റെ നടപടി പ്രകാരവും (File : DCKNR/4232/2020-C4 സർക്കാർ ഉത്തരവ് G.O.(P)No. 2567 RD - വാല്യം-12 തിരുവനന്തപുരം, തിയതി 03/08/2023 പ്രകാരവും കണ്ണൂർ ജില്ലയിൽ ഇരിട്ടി താലുക്കിലെ തില്ലങ്കേരി വില്ലേജിൽ മച്ചൂർമലയിൽ അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ ആഘാത പഠനം ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. പദ്ധതി ബാധിത വ്യക്തികളുടെയും ഭൂമികളുടെയും പട്ടിക തയ്യാറാക്കി സാമൂഹ്യ ആഘാതം മനസ്സിലാക്കി അത് കൈകാര്യം ചെയ്യുവാനുള്ള രൂപരേഘ തയ്യാറാക്കുകയുമാണ് പഠനത്തിന്റെ ലക്ഷ്യം. പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രഥമവും ദ്വിദീയവും ആയ ശ്രോതസ്സുകളിൽ നിന്നും ബാധിതരാകുന്ന വ്യക്തികളിൽ നിന്നും വിശദമായ ഒരു സാമ്പത്തിക - സാമുഹ്യ സർവേ മുഖേന പഠനസംഘം വിവരങ്ങൾ ശേഖരിച്ചു.

### 3.2 സാമൂഹ്യ ആഘാത പഠന സംഘം

മൂന്ന് പേർ അടങ്ങുന്ന സംഘമാണ് സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള സാമൂഹ്യ ആഘാത പഠനം നടത്തിയത്. സാമൂഹ്യപ്രവർത്തനത്തിലും, ബിസ്സിനസ്സ് മാനേജുമെൻറിലും ബിരുദാനന്തരബിരുദവും ദീർഘകാലത്തെ അനുഭവസമ്പത്തുള്ളതുമായ സംഘത്തിന്റെ ഡയറക്ടർ, ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജ് (കണ്ണൂർ) സാമൂഹ്യ പ്രവർത്തന വിഭാഗം മേധാവിയാണ് (HoD). സംഘത്തിന്റെ കോർഡിനേറ്റർക്ക് സോഷ്യൽ വർക്കിൽ എം.ഫിൽ. ബിരുദവും സാമൂഹ്യപരമായ ഗവേഷണത്തിലും പദ്ധതി ആസൂത്രണത്തിലും നടപ്പാക്കുന്നതിലും ദശാംബ്ദങ്ങൾ നീണ്ടുനിൽക്കുന്ന പരിചയമുണ്ട്. മൂന്നാമത്തെ സംഘാംഗത്തിന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദവും അനുഭവസമ്പത്തുമുണ്ട്.

**Table No. 3.1 സാമൂഹ്യ ആഘാത പഠന സംഘം**

| S.No. | Name | Qualification & Designation | Experience |
|---|---|---|---|
| 1 | Fr. Sojan Pnanchikal | Director | MSW, MBA with experience in Administrative, Academic and Developmental sector. |
| 2 | Sebastian KV | MSW, M. PHIL<br>Team Leader, SIA Unit | 28 years experience<br>in Development Sector |
| 3 | Nimal Thomas | MSW<br>Reaserch Associate | 3 years experience<br>in development sector |

### 3.3 പഠന പ്രക്രിയ

ഭൂമി ഏറ്റെടുക്കലിനുവേണ്ടിയുള്ള ഡെപ്യൂട്ടി കളക്ടറിന്റെയും (കണ്ണൂർ) മറ്റ് സ്റ്റാഫ് അംഗങ്ങളുടെയും സഹായത്തോടെയും സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)തലശ്ശേരി, എന്നിവിടങ്ങളിൽനിന്നുമായി ലഭിച്ച

വിവരങ്ങളും രേഖാചിത്രമനുസരിച്ചും പഠനസംഘം ബാധിത പ്രദേശം മനസ്സിലാക്കി. വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനുമുൻപ് സ്ഥലം സന്ദർശിക്കുകയും പ്രാഥമിക പഠനം നിർവ്വഹിക്കുകയും ചെയ്തു. മുൻകൂട്ടി തയ്യാറാക്കിയ ഒരു സർവേ ഫോം മുഖേനയാണ് പദ്ധതി ബാധിതരിൽ നിന്നും വിവരങ്ങളും പ്രതികരണങ്ങളും ശേഖരിച്ചത്. തില്ലങ്കേരി പഞ്ചായത്ത് പ്രസിഡണ്ട് പി. ശ്രീമതി, വാർഡ് മെമ്പർ ശ്രീ കുമാരൻ മുതലായവരും ആവശ്യാനുസരണം സഹായിച്ചു. ദ്വിതീയ ശ്രോതസ്സുകളിൽനിന്ന് പദ്ധതിയുടെ ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങളും മനസ്സിലാക്കി. പൂരിപ്പിച്ച സർവ്വേ ഫോമുകളിൽനിന്നും ലഭിച്ച വിവരങ്ങൾകൊണ്ട് ഡേറ്റബെയ്സ് ഉണ്ടാക്കി. കേന്ദ്ര നിയമം അനുശാസിക്കുന്ന മുഖ്യഘടകങ്ങൾക്കനുസൃതമായാണ് പ്രഥമ കരടുരേഖ തയ്യാറാക്കിയത്.

**3.4 വിവര ശേഖരണവും രീതിയും**

ക്വാണ്ടിറ്റേറ്റീവ്, ക്വാളിറ്റേറ്റീവ് മാർഗ്ഗങ്ങളുപയോഗിച്ചുള്ള പഠന രീതിയാണ് വിവര ശേഖരണത്തിനായി സ്വീകരിച്ചത്. ഇതുവഴി കൂടുതൽ സമഗ്രമായ വിവരങ്ങൾ ലഭിക്കുന്നു. പ്രധാനപ്പെട്ട മേഖലകളൊന്നും ഒഴിവാക്കാതെ, ഇത് കൂടുതൽ പൂർണ്ണമായ ഫലം നൽകുന്നു (DEAT 2006). പഠന സംഘം പദ്ധതി ബാധിതരെ മൂന്നായി തരം തിരിച്ചു: ഭൂമി നഷ്ടപ്പെടുന്നതിലൂടെ പദ്ധതി ഭാഗികമായി ബാധിക്കുന്നവർ; വീടും ഭൂമിയും നഷ്ടമാകുന്നതുവഴി പദ്ധതി പൂർണ്ണമായി ബാധിക്കുന്നവർ; കച്ചവടമോ തൊഴിൽ നഷ്ടമോ പദ്ധതി മുഖേന പൂർണ്ണമായോ ഭാഗികമായോ ബാധിക്കുന്നവർ. പദ്ധതി പ്രദേശത്തുള്ള ബാധിതരായ കുടുംബങ്ങളുടെയും മറ്റ് പ്രസ്ഥാനങ്ങളുടെയും ഉടമസ്ഥരും ആശ്രിതരുമായി അഭിമുഖം നടത്തി. ഇവരുടെ പ്രതിനിധികളിൽനിന്നും പ്രസക്തമായ വിവരങ്ങൾ ശേഖരിച്ചു. വിവരങ്ങൾ ശേഖരിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ പ്രാപ്തിയുള്ളവരാണ് വിവരശേഖരണം നടത്തിയത്. പദ്ധതി പ്രദേശത്തല്ലാതെ മറ്റിടങ്ങളിൽ താമസിക്കുന്നവരുമായി ബന്ധപ്പെടുക വളരെ ബുദ്ധിമുട്ടായിരുന്നു.

പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും നല്ല വ്യക്തത നൽകി. പ്രദേശത്തെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, തുടങ്ങിയവരിൽനിന്നും ഔദ്യോഗികവും അനൗദ്യോഗികവുമായ ചർച്ചകളിലൂടെ വിലപ്പെട്ട അഭിപ്രായങ്ങളും പ്രതികരണങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു, പ്രദേശത്തെ പശ്ചാത്തലവും പരിസ്ഥിതിയും മനസ്സിലാക്കി.

**പ്രദേശത്തിൻെറയും ആഘാത പഠനത്തിൻെറയും നിശ്ചല ചിത്രങ്ങൾ**



പ്രദേശവാസി ഭൂമി പരിചയപ്പെടുത്തുന്നു



ബാധിതമാകുന്ന ഭൂമി



യോഗാസെൻറർ പ്രദേശത്തുനിന്നുള്ള വ്യൂ

**3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും**

2023 സെപ്റ്റമ്പർ 07 മുതൽ 20 വരെ സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി ബാധിതരും പദ്ധതിയുമായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി വിവരങ്ങൾ ശേഖരിച്ചു.

## പൊതുചർച്ച (Public hearing)

**3.6 പൊതു ചർച്ചയുടെ സംക്ഷിപ്ത രൂപം**

കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ തില്ലങ്കേരി വില്ലേജിൽ മച്ചൂർമലയിൽ അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടക്കലിൻെറ ഭാഗമായി APTA(ആപ്റ്റ) ട്രസ്റ്റ്, #258-J/19, നേഷണൽനഗർ, ഉളിയത്തടുക്ക, കാസർഗോഡ് നടത്തിയ സാമൂഹ്യ ആഘാത പഠനത്തിൻെറ ഭാഗമായുള്ള പൊതുചർച്ച 2023 ഒക്ടോബർ 10 നു രാവിലെ 11.00 മണിക്ക് തില്ലങ്കേരി ഗ്രമപഞ്ചയത്ത് ഹാളിൽവെച്ച് നടന്നു. ചർച്ചയിൽ ഭൂമി ഏറ്റെടുപ്പ് ഉദ്ധ്യോഗസ്ഥനായ സ്പെഷ്യൽ തഹസിൽദാർ ജനറൽ ഓഫീസിൽ നിന്ന് വാല്യുവേഷൻ അസിസ്റ്റൻറ്. ശ്രി. മോഹൻ സി.വി, തില്ലങ്കേരി പഞ്ചായത്ത് പ്രസിഡ്ണ്ട് പി. ശ്രീമതി 12 ാം വാർഡ് മെംബർ കെ. കുമാരൻ എന്നിവരും സന്നിഹിതരായിരുന്നു.

**സന്നിഹിതരായിരുന്ന അധികാരികൾ താഴെപ്പറയുന്നവരാണ്**

1. Mr.Mohan C V, Valuation Asst. Special Tahasildar (General) Thalassaery.
2. Mr. K.Kumaran, 12the ward member
3. Mrs. Shrimath President, Thillankeri Gram Panchayath

4. Miss. Dona, Research associate SIA unit, Don Bosco Arts and Science College.

5.. Mr. K. V. Sebastian, Coordinator, SIA Unit, Don Bosco Arts and Science College.

*സന്നിഹിതരായിരുന്ന മുഴുവൻ പേരുടെയും പട്ടിക അനുബന്ധത്തിൽ ലഭ്യമാണ്.*



SIA Coordinator explaining the study findings

ചർച്ചയിൽ അധികാരികളടക്കം 5 പേരും, ബധിതരും അവരുടെ പ്രതിനിധികളുമായി 8 പേരും പങ്കെടുത്തു. ചർച്ചയിൽ പങ്കെടുക്കാനെത്തിയ മുഴുവൻ പേരെയും എസ്. ഐ. എ യൂണിറ്റിൻെറ പേരിൽ സ്വാഗതം പറഞ്ഞുകൊണ്ട് എസ്. ഐ. എ കോർ ഡിനേറ്റർ ശ്രി. കെ. വി സെബാസ്സ്റ്റ്യൻ, ചർച്ചയുടെ ലക്ഷ്യങ്ങളും നടപടികളും വിശദീകരിച്ചതിനുശേഷം സാമൂഖ്യ ആഘാത പഠനത്തിലെ കണ്ടെത്തലുകളും ബാധിതർ മുന്നോട്ട് വെച്ച അഭിപ്രായങ്ങളും വായിച്ച് തില്ലങ്കേരി പഞ്ചായത്ത് പ്രസിഡണ്ടിനെ ചർച്ചയുടെ അധ്യക്ഷനായി ക്ഷണിച്ചു.



Vice. President, Pattuvam Gram Panchayath

തില്ലങ്കേരി പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തൻെറ അധ്യക്ഷപ്രസംഗത്തിൽ അന്താരാഷ്ട്ര യോഗ കേന്ദ്രം വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണെന്ന് അഭിപ്രായപ്പെട്ടു. പദ്ധതി വരുന്നതോടുകൂടി പ്രദേശത്തും വിദേശത്തുനിന്നുമുള്ള ധാരളം ആളുകൾക്കു യോഗസെൻറർ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ആരോഗ്യ

പുരോഗതിയും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുവാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു. പദ്ധതിക്കായി ഭൂമി നഷ്ടപ്പെടുന്നവർക്ക് ഇപ്പോൾ ഉയർന്ന വില ലഭിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കി. ബാധിതരായ എല്ലാവരുടെയും പ്രശ്നങ്ങൾ മനസിലാക്കി പരമാവധി നഷ്ടപരിഹാരവും മറ്റ് പാക്കേജുകളും ലഭിക്കാൻ കൂടെയുണ്ടാകുമെന്നും വ്യക്തമാക്കി.



K Kumaran പഞ്ചായത്ത്മെമ്പർ

ചർച്ചയിൽ പങ്കെടുത്ത പഞ്ചായത്ത്മെമ്പർ കെ. കുമാരൻ സമ്പൂർണ്ണമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തു. ബാധിതരയ എല്ലാവർക്കും നല്ല പക്കേജുകളും നഷ്ടപരിഹാരങ്ങളും നൽകണമെന്നാവശ്യപ്പെട്ടു. യോഗസെൻറർ നാടിനു ഏറ്റവും അത്യാവശ്യമായ ഒന്നാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഏറ്റെടുക്കുന്ന സ്ഥലത്തിനും അതിലെ വസ്തുക്കൾക്കും പുതിയ നിയമപ്രാകരം നല്ല വില കിട്ടണം എന്ന് അവശ്യപ്പെട്ടു.



Mr.Mohanan Valuation Assts. (LA-Office) Thalassery

നാടിൻെറ പുരോഗതി പഞ്ചായത്തും സംസ്ഥാന സക്കാരും ഒരുപോലെ ആഗ്രഹിക്കുന്നുവെന്നും അതിനായി ജനങ്ങളുടെ സഹകരണം കിട്ടിയാൽ വളരെപ്പെട്ടെന്ന് ഈ സ്വപ്നം സഫലമാകുമെന്നും സാമൂഹ്യ ആഘാതം പഠനം പ്രാരംഭഘട്ടം മാത്രമാണെന്നും ഏറ്റെടുക്കൽ നടപടികൾ സർക്കാർ ഉത്തരവു വന്നതിനുശേഷം മാത്രമേ തുടങ്ങുകയുള്ളുവെന്നും വ്യക്തമാക്കി. വില നിശ്ചയിക്കുന്ന രീതി വിശദീകരിച്ചു. ഈ

പ്രദേശത്തിൻെറ 3 കിലോമീറ്റർ പരിധിക്കുള്ളിലെ കഴിഞ്ഞ 5 വർഷങ്ങളിലെ ഏറ്റവും ഉയർന്ന വിലകളുടെ ശരാശരി കണ്ട് അതിൻെറ ഇരട്ടിയും, കാലതാമസമുണ്ടകുന്നതിനു 12 ശതമാനം പലിശയും, മറ്റ് അസ്സെറ്റ്കളുടെ വിലയും ചേർത്താണ് നഷ്ടപരിഹാരം കണക്കാക്കുന്നതെന്നു പറഞ്ഞു. സമാനസ്വഭാവമുള്ള വസ്തുവുമായി താരതമ്യപ്പെടുത്തിയാണ്. വില കണക്കാക്കുന്നത്. 2013 ലെ പുതിയ നിയമവും 2105ലെ കേരള നിയമവും ചട്ടങ്ങളും അനുസരിച്ചാണ് ഭൂമി ഏറ്റെടുക്കുന്നത്. 2013ലെ പുതിയ നിയമനുസരിച്ചുള്ള നഷ്ടപരിഹാരം എല്ലാവർക്കും ലഭിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഭൂമി ഏറ്റെടുക്കൽ രേഖകൾ കൈമാറുന്ന അന്നുതന്നെയോ, പിറ്റേന്നോ നഷ്ടപരിഹാരത്തുക കൈപ്പറ്റാൻ സാധിക്കുമെന്നു അദ്ദേഹം ഉറപ്പുനൽകി. ബാധിതരുടെ ബുദ്ധിമുട്ടുകളും വേദനയും പരിഗണിച്ച് വളരെ ശാസ്ത്രീയമായാണ് നഷ്ടപരിഹാരം കണക്കാക്കുന്നതെന്നും വ്യക്തമാക്കി. ഭൂമി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം ഉടനെ നൽകിയാൽ കാര്യങ്ങൾ വേഗത്തിലാക്കുവാൻ സാധിക്കുമെന്നും ബാധിതർ എത്ര് വേഗത്തിൽ എല്ലാ രേഖകളും ലഭ്യമാക്കുന്നുവോ, അത്രയും വേഗത്തിൽ ഭൂമി ഏറ്റെടുപ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.



പങ്കെടുത്ത ബാധിതർ

ആകെ 12 പേർക്ക് ഭൂമി നഷ്ടമാകുമെങ്കിലും, 8 കുടുംബങ്ങളിൽ നിന്ന് 8 പേർ മാത്രമാണു യോഗത്തിൽ പങ്കെടുത്തത്. യോഗത്തിൽ പങ്കെടുത്തവർ താഴെപ്പറയുന്ന അഭിപ്രായങ്ങൾ പങ്കുവെച്ചു.

| ക്ര.ന. | വ്യക്തി | ആശങ്കകൾ |
|---|---|---|
| 1 | ശ്രീധരൻ (സതി) | റോഡിനോട് ചേർന്നുള്ള സ്ഥലത്തിനു അധിക വില കിട്ടണം എന്നു ആവശ്യപ്പെട്ടു |
| 2 | വിനോദ് | എം.എൽ.എ.യുമയി ഒന്നര വർ ഷം മുൻപ് സംസരിച്ചു നിശ്ചയിച്ച വിലയ്ല്ല ഇപ്പോൾ ഉള്ളത്. അതിനൽ നിലവിലെ വിലക്കനുസരിച്ച് ഭൂമിക്ക് വില നൽകണം. ഇതല്ലതെ വേറെ ഭൂമി ഇല്ല. |
| 3 | സുധീഷ്, കല്യാണി | പദ്ധതിയെ അനുകൂലിക്കുന്നു. പരമാവധി വില നൽകണം, |

| | | |
|---|---|---|
| 4 | | രണ്ടാളുടെ പേരിലുള്ള ഭൂമിയാണ്, (സുധീഷ്, കല്യാണി) വളരെ മുൻപ് നിശ്ചയിച് വില മറ്റി, നിലവിലെ മാർ ക്കറ്റ് വിലക്കനുസരിച് വിലനൽകണം. ഇ ഭൂമിയിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിക്കുന്നതാണു. അതില്ലാ താകും. വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ബാതിതരുടെ ആശ്രിതർക്ക് യോഗാ കേന്ദ്രത്തിൽ തൊഴിൽ നൽകണം. |

**പൊതുചർച്ചയുടെ സംഗ്രഹം:**

- ഭൂമി എറ്റെടുക്കൽ പൊതു ഉപയോഗത്തിനാണ് / പൊതു ആവശ്യത്തിനാണ്.
- പദ്ധതി ബാധിതരെല്ലാവർക്കും അവരുടെ ഭൂമി വിട്ടുനൽകാൻ സമ്മതമാണ്.
- യോജിച്ച നഷ്ടപരിഹാരം ആഘാതം ലഘൂകരിക്കും

**പൊതുനിർദ്ദേശങ്ങൾ**

- ന്യായമായ നഷ്ടപരിഹാരം
- വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ബാതിതരുടെ ആശ്രിതർക്ക് യോഗാ കേന്ദ്രത്തിൽ തൊഴിൽ നൽകണം.

**ചർച്ചയുടെ സംഗ്രഹം:**

നാടിൻെറ പുരോഗതി പഞ്ചായത്തും സംസ്ഥാന സക്കാരും ഒരുപോലെ ആഗ്രഹിക്കുന്നുവെന്നും അതിനായി ജനങ്ങളുടെ സഹകരണം കിട്ടിയാൽ വളരെപ്പെട്ടെന്നു ഈ സ്വപ്നം സഫലമാകുമെന്നു പഞ്ചായത്ത് പ്രസിഡണ്ടും വാർഡ് മെമ്പറും വ്യക്തമാക്കി. സാമൂഹ്യ ആഘാത പഠനം പ്രാരംഭഘട്ടം മാത്രമാണ്. ഏറ്റെടുക്കൽ നടപടികൾ സർക്കാർ ഉത്തരവു വന്നതിനുശേഷം മാത്രമേ തുടങ്ങുകയുള്ളു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൽ നേരിട്ട് ബാധിതരകുന്ന 11 പേരാണുള്ളത്. ചർച്ചയിൽ 5 അധികാരികളും 8 ബാധിതരും പങ്കെടുത്തു. 12.10നു ചർച്ച അവസാനിച്ച.തയി അദ്ധ്യക്ഷൻ പ്രഖ്യാപിച്ചു.

# അദ്ധ്യായം 4
# ഭൂമിയുടെ മൂല്യനിർണ്ണയം

## 4.1 പശ്ചാത്തലം

സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി ബാധിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക സർവേ മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചോദ്യാവലി ഉപയോഗിച്ച് 2023 സെപ്റ്റമ്പർ മാസത്തിൽ പഠനം നടത്തി. കുടുംബാംഗങ്ങളെയും ഭൂമിയെയും വസ്തുവകകളെയും തൊഴിലിനെയും പദ്ധതി എത്ര മാത്രം ബാധിക്കുമെന്ന് സർവ്വേ വെളിപ്പെടുത്തി. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിടുണ്ട്.

## 4.2 പദ്ധതി ബാധിക്കുന്ന പ്രദേശങ്ങൾ

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലുക്കിലെ തില്ലങ്കേരി വില്ലേജിൽ, തില്ലങ്കേരി പഞ്ചായത്തിൽ 12-ാം വാർഡിൽപ്പെടുന്ന മച്ചൂർമല വ്യൂപോയിൻറിനടുത്തായിട്ടുള്ള പ്രദേശമാണ് അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. ഏകദേശം 12.65 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

## 4.3 സ്ഥലത്തിൻെറ രൂപരേഖ

നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അന്താരാഷ്ട്ര യോഗ കേന്ദ്രത്തിനുവേണ്ടി നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൻെറ രൂപരേഖ.






*പദ്ധതി രൂപരേഖ*

**4.4 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി**

**പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി**

| പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി | | |
|---|---|---|
| സർവ്വെ നമ്പർ | വില്ലേജ് | ഏരിയ |
